**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി)വകുപ്പ്**

**<u>പരിപത്രം</u>**

നം.ഉപ.സി.3/ 141 / 2017/ ഉഭപവ                                   തിരുവനന്തപുരം, തീയതി : 21.01.2020

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ e-vacancy software സംവിധാനത്തിലൂടെ അറിയിക്കുന്നത് - നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:-
1. 20.12.2017 -ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം.
2. 01.06.2018-ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം.
3. 30.10.2018-ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം.
4. 18.01.2019-ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം.
5. 18.07.2019-ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം.
6. 27/08/2019-ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം
7. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 02.11.2019-ലെ R& A IV(2) 50001 / 18-KPSC നം.കത്ത്.

സൂചന (1) പരിപത്രം പ്രകാരം, 01.01.2018 മുതൽ പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ വകുപ്പ മേധാവികളും/നിയമനാധികാരികളും കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ e-vacancy software മുഖേന മാത്രം പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. e-vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ അറിയിക്കുവാൻ എല്ലാ വകുപ്പുകളും സജ്ജരാകാത്ത സാഹചര്യത്തിൽ, നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ (Tappal/e-mail/e-vacancy) ഒഴിവുകൾ സ്വീകരിക്കുന്നത് 31.08.2019 വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ച വിവരം സൂചന 2,3,4,5 പരിപത്രങ്ങളിലൂടെ എല്ലാ വകുപ്പ മേധാവികളെയും/ നിയമനാധികാരികളെയും അറിയിച്ചിരുന്നു.

2. 01-09-2019 മുതൽ e-vacancy software മുഖാന്തിരം കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുന്ന ഒഴിവുകൾ മാത്രമേ സ്വീകരിക്കേണ്ടതുള്ളു എന്ന് കമ്മീഷൻ അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിവരം സൂചന 6 പരിപത്രത്തിലൂടെ എല്ലാ വകുപ്പ മേധാവികളെയും/ നിയമനാധികാരികളെയും അറിയിച്ചിരുന്നു.

3. എന്നാൽ തുടർന്നും വിവിധ വകുപ്പുകൾ പഴയ രീതിയിൽ (Tappal/e-mail/e-vacancy) തന്നെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന പ്രവണത തുടരുന്ന സാഹചര്യമുണ്ടായതിനാൽ, സുഗമമായ രീതിയിൽ നിയമന ശിപാർശ നടത്തുവാൻ കഴിയാത്ത സാഹചര്യം കമ്മീഷനിൽ സംജാതമായിട്ടുണ്ടെന്നും, അതിനാൽ പഴയ രീതിയിൽ (Tappal/e-mail/e-vacancy) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി 31.03.2020 വരെ തുടരാവുന്നതാണെന്നും, 01.09.2019 ന് ശേഷം അപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്തതും മടക്കി അയച്ചതുമായ ഒഴിവുകൾ തിരികെ സ്വീകരിക്കാവുന്നതുമാണെന്നും കമ്മീഷൻ യോഗം തീരുമാനിച്ചിട്ടുള്ള വിവരം എല്ലാ വകുപ്പുമേധാവികളെയും /നിയമനാധികാരികളെയും അറിയിക്കുവാനും കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ കൃത്യമായി പി എസ് സി യെ അറിയിക്കുന്നതിലേക്കാണ് e vacancy സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ചില വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന പ്രവണത സർക്കാർ ഗൗരവതരമായി കാണുന്നു.

5. **നിലവിൽ e vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സജ്ജരായ വകുപ്പുകൾ/സ്ഥാപനങ്ങൾ ആയതിലൂടെയും, അല്ലാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ പഴയ രീതിയിൽ (Tappal/e-mail/e-vacancy) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനും അതോടൊപ്പം 01.03.2020 ന് മുമ്പായി e-vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടികൾ പൂർത്തിയാക്കുവാനും നിർദ്ദേശം നൽകുന്നു. കൂടാതെ 01.04.2020 മുതൽ എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും പൂർണ്ണമായും e vacancy software സംവിധാനത്തിലൂടെ മാത്രം ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കുവാൻ എല്ലാ വകുപ്പ മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നു.**

6. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശനനടപടി സ്വീകരിക്കേണ്ടതാണ്.

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)

ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)

കമ്മീഷണർ. കേരള  സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ( ആമുഖകത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്

www.pard.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ